By fax.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സി.ഡി.എൻ -1/18/2023 -പൊ.ഭ.വ(പാർട്ട്-2)
പൊതു ഭരണ ( ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-12-2024

## സർക്കുലർ

വിഷയം:- പൊതു ഭരണ വകുപ്പ് - RTI പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അവ്യക്തതകൾ/ സംശയങ്ങൾ പരിഹരിക്കുന്നതിനായുള്ള മാർഗനിർദേശങ്ങൾ- പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(കൈ) നം. 94/2023/പൊ.ഭ.വ തീയതി 19/06/2023.
2) സർക്കുലർ നം.സി.ഡി.എൻ 1/18/2023-പൊ.ഭ.വ തീയതി 19/04/2024.
3) സർക്കുലർ നം.സി.ഡി.എൻ1/18/2023-പൊ.ഭ.വ (പാർട്ട്-8) തീയതി 25/09/2024

RTI ഓൺലൈൻ പോർട്ടൽ വഴി ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ കൃത്യമായി പ്രോസസ് ചെയ്യുന്നതിനായുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് സൂചന (1), (2) പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ പോർട്ടൽ വഴി ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ എപ്രകാരമാണ് പ്രോസസ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ഉൾപ്പെടുത്തി വീഡിയോ ട്യൂട്ടോറിയലും പോർട്ടലിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും RTI പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പല വിഷയങ്ങളിലും അവ്യക്തതകൾ നിലനിൽക്കുന്നതായും അതുവഴി അപേക്ഷകൾക്ക് യഥാസമയം മറുപടി നൽകുന്നതിൽ വീഴ്ച വരുന്നതായും സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ RTI പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കുന്നതിനായി ചുവടെപറയും പ്രകാരമുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ വകുപ്പിലെയും/സ്ഥാപനത്തിലെയും നോഡൽ ഓഫീസർമാരും ഓർഗനൈസേഷണൽ നോഡൽ ഓഫീസർമാരും അപ്പീലധികാരികളും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും അവർക്ക് കീഴിൽ RTI പോർട്ടൽ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും എല്ലാ ദിവസവും RTI പോർട്ടൽ പരിശോധിക്കേണ്ടതും ലഭിക്കുന്ന അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടികൾ നൽകിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
2. എല്ലാ വകുപ്പിലെയും/സ്ഥാപനത്തിലെയും നോഡൽ ഓഫീസർമാരും ഓർഗനൈസേഷണൽ നോഡൽ ഓഫീസർമാരും അവർക്ക് കീഴിലുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ കൈവശം RTI പോർട്ടൽ വഴി ലഭിച്ച വിവരാവകാശ അപേക്ഷകൾ 30 ദിവസത്തിൽ കൂടുതലായി മറുപടി നൽകാതെ ശേഷിക്കുന്നതായി ഡാഷ്ബോർഡിൽ ഡിസ്പ്ലേ ചെയ്യുന്ന

സാഹചര്യങ്ങളിൽ ആ വിവരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

3. RTI പോർട്ടൽ വഴി ഒരു വകപ്പിലെ/സ്ഥാപനത്തിലെ നോഡൽ ഓഫീസർക്ക് കീഴിലുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന വിവരാവകാശ അപേക്ഷകളിലെ വിവരങ്ങൾ വർക്ക് ഡിസ്ട്രിബ്യൂഷൻ അനുസരിച്ച് ഏത് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക്/ സെക്ഷന് കീഴിലാണോ ആ വിവരങ്ങൾ കൈകാര്യം ചെയ്യുന്നത് ആ സെക്ഷനുകൾക്ക് വേണം അപേക്ഷകൾ ആദ്യം അയച്ചു കൊടുക്കേണ്ടതും ആ സെക്ഷനുകളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ RTI പോർട്ടൽ വഴി അപേക്ഷകന് നൽകേണ്ടതുമാണ്.
4. RTI പോർട്ടൽ വഴി ഒരു വകപ്പിലെ/സ്ഥാപനത്തിലെ നോഡൽ ഓഫീസർക്ക് ലഭിക്കുന്ന വിവരാവകാശ അപേക്ഷ മറ്റൊരു വകപ്പ്/സ്ഥാപനത്തിൽ നിന്നും മറുപടി നൽകേണ്ടവയാണെങ്കിൽ അത്തരം അപേക്ഷകൾ നോഡൽ ഓഫീസർ മറ്റ് വകപ്പിന്റെ/സ്ഥാപനത്തിൻറെ നോഡൽ ഓഫീസർക്ക് യഥാസമയം അയച്ച് കൊടുക്കേണ്ടതാണ്.
5. ഒരു വകപ്പ്/ സ്ഥാപനം/സെക്ഷനുകളിൽ നിന്നും മറുപടി നൽകേണ്ടിയിരുന്ന വിവരാവകാശ അപേക്ഷ തെറ്റായി മറ്റൊരു വകപ്പിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നോഡൽ ഓഫീസർ അയച്ച് നൽകിയാൽ അത്തരം അപേക്ഷകൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ Send back ഓപ്ഷൻ ഉപയോഗിച്ച് റിമാർക്സിൽ വിവരം രേഖപ്പെടുത്തി നോഡൽ ഓഫീസർക്ക് തിരികെ അയച്ച് കൊടുക്കാവുന്നതാണ്.
6. RTI പോർട്ടൽ നിലവിലില്ലാത്ത മറ്റൊരു വകപ്പ്/സ്ഥാപനവുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷ ഒരു വകപ്പിലെ/സ്ഥാപനത്തിലെ നോഡൽ ഓഫീസർക്ക് ലഭിക്കുന്ന സാഹചര്യങ്ങളിൽ വിവരം ലഭ്യമാകുന്ന വകപ്പിലേക്ക്/ സ്ഥാപനത്തിലേക്ക് പോർട്ടൽ വഴി ട്രാൻസ്ഫർ ചെയ്യുവാൻ കഴിയില്ല. അത്തരം അപേക്ഷകൾ യഥാസമയം പോർട്ടൽ വഴി അല്ലാതെ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനായി വർക്ക് ഡിസ്ട്രിബ്യൂഷൻ പ്രകാരം മറുപടി ലഭ്യമാകുന്ന വകപ്പിന്റെ/ സ്ഥാപനത്തിൻറെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ ഉണ്ടെങ്കിൽ ആ സെക്ഷന്റെയോ ഇല്ലായെങ്കിൽ വർക്ക് ഡിസ്ട്രിബ്യൂഷൻ പ്രകാരം വിവരാവകാശം സംബന്ധിച്ച പൊതുവായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നോഡൽ സെക്ഷന്റെയോ [പാർലമെന്റ് സെക്ഷൻ / മിസലേനിയസ് സെക്ഷൻ] ചുമതലയുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക്/സെക്ഷനു അയച്ച് കൊടുക്കേണ്ടതാണ്.
7. RTI പോർട്ടൽ വഴി ഒരു വകപ്പിലെ/സ്ഥാപനത്തിലെ നോഡൽ ഓഫീസർക്ക് കീഴിലുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന വിവരാവകാശ അപേക്ഷകളിലെ വിവരങ്ങൾ ആ വകപ്പിലെ/സ്ഥാപനത്തിലെ നോഡൽ ഓഫീസർക്ക് കീഴിലെ ഒന്നിലധികം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/സെക്ഷനുകളിൽ നിന്നും മറുപടി ലഭിക്കേണ്ടവയാണെങ്കിൽ ആയത് ആ വകപ്പിലെ/സ്ഥാപനത്തിലെ വർക്ക് ഡിസ്ട്രിബ്യൂഷൻ പ്രകാരം വിവരാവകാശം സംബന്ധിച്ച പൊതുവായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നോഡൽ സെക്ഷന്റെ [പാർലമെന്റ് സെക്ഷൻ/ മിസലേനിയസ് സെക്ഷൻ] ചുമതലയുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക്/സെക്ഷനു വേണം ആദ്യം അയച്ച് കൊടുക്കേണ്ടത്. പ്രസ്തുത സെക്ഷനിൽ നിന്നും ലഭ്യമായ വിവരങ്ങൾ അപേക്ഷകന് നൽകേണ്ടതും ആവശ്യമെങ്കിൽ മറുപടി ലഭ്യമാകുന്ന മറ്റ് സെക്ഷനുകൾക്ക് അയച്ച് കൊടുക്കാവുന്നതുമാണ്.
8. RTI പോർട്ടൽ വഴി ഒരു വകപ്പിലെ/സ്ഥാപനത്തിലെ നോഡൽ ഓഫീസർക്ക് കീഴിലുള്ള

വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന വിവരാവകാശ അപേക്ഷകളിലെ വിവരങ്ങൾ കൃത്യമായി ഏത് സെക്ഷനിൽ നിന്നാണ് മറുപടി നൽകുവാൻ കഴിയുന്നത് എന്ന് വ്യക്തമായി നിർവചിക്കാൻ കഴിയാത്തവയാണെങ്കിൽ ആയത് ആ വകുപ്പിലെ/സ്ഥാപനത്തിലെ വർക്ക് ഡിസ്ട്രിബ്യൂഷൻ പ്രകാരം വിവരാവകാശം സംബന്ധിച്ച പൊതുവായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നോഡൽ സെക്ഷന്റെ [പാർലമെന്റ് സെക്ഷൻ/ മിസലേനിയസ് സെക്ഷൻ] ചുമതലയുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക്/സെക്ഷനു വേണം ആദ്യം അയച്ച് കൊടുക്കേണ്ടതും ആ സെക്ഷനുകളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അപേക്ഷകന് നൽകേണ്ടതുമാണ്.

9. RTI പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകളിൽ അധിക ഫീസ് അടയ്ക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ പോർട്ടൽ വഴി online ആയി തന്നെ അധിക ഫീസ് അടയ്ക്കുവാൻ അപേക്ഷകന് നിർദേശം നൽകേണ്ടതാണ്.
10. RTI പോർട്ടൽ വഴി ലഭിച്ച അപേക്ഷ കൈകാര്യം ചെയ്യുന്നതിലെ സംശയങ്ങൾക്കുള്ള മറുപടി പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള വീഡിയോ ട്യൂട്ടോറിയലിലും സൂചന പ്രകാരമുള്ള സർക്കുലറുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഉദ്യോഗസ്ഥരും ആയത് കൃത്യമായി കാണുകയും വായിക്കുകയും ചെയ്യേണ്ടതാണ്.
11. RTI പോർട്ടലിൽ സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി rti.tech-support@kerala.gov.in എന്ന ഇ-മെയിൽ ഐ.ഡിയിലേക്ക് NIC-യ്ക്ക് മെയിൽ ചെയ്യേണ്ടതാണ്.

മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

എല്ലാ വകുപ്പ് തലവന്മാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ പൊതുമേഖല സ്ഥാപന മേധാവികൾക്കും

ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറിക്ക്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന്. (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 06-12-2024 13:42:30
സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്